
# INSPIRED ROOTS



little kites




# ST.JOSEPH'S HIGH SCHOOL
# ANGAMALY

ആമുഖം....

വിവര സാങ്കേതിക വിദ്യകൾ കൂടുതൽ ഫലപ്രദമാകുന്ന ഒരു പ്രവർത്തനമാണ് Little kites. ലിറ്റിൽ കൈറ്റ്സിൽ പങ്കാളികൾ ആകുന്നതോടെ കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യയെ കുറിച്ച് കൂടുതൽ ബോധാവാന്മാരാകുന്നു. വിവരം വിരൽത്തുമ്പിലാക്കുന്ന സാങ്കേതിക വിദ്യയെ ചെറിയ ക്ലാസ്സുകളിൽ തന്നെ പരിചയപ്പെടുന്നു. ഒരു വിജ്ഞാന കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. നൂതന സാങ്കേതിക വിദ്യയുടെ അറിവും ആശയങ്ങളും പങ്കുവച്ച് അതിനെ പ്രായോഗിക തലത്തിൽ ഡിജിറ്റൽ മാഗസീനുകളായും പ്രോഗ്രാമുകളായും ഉയർന്ന നൈപുണ്യ പ്രകടനങ്ങളായും മാറ്റുന്ന ഈ കൂട്ടായ്മ പൊതുവിദ്യലയങ്ങൾക്ക് ഒരു മുതൽക്കൂട്ടായി മാറുന്നു. വിദ്യാലയത്തിലെ എല്ലാ ആഘോഷങ്ങളെയും ദിനാചരണങ്ങളേയും ദൃശ്യമാധ്യമങ്ങളിലൂടെ രക്ഷിതാക്കൾക്കുകൂടി പരിചയപ്പെടാൻ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു. ................

## താളുകളിലൂടെ

ദിനാചരണങ്ങൾ....3
പഴഞ്ചൊല്ലുകൾ....4
കടങ്കഥകൾ....5
മാരിതൻ തുടിതാളം....8
UP AND DOWN....9
മഴയുടെ ഉത്സവം....10
ഉപന്യാസം....10
ചെറുകഥ....11
കവിത....13
കവിത....13

# മഴ

മഴയാൽ പുഴകൾ കുളിരണിഞ്ഞു.

സ്വർഗത്തിൽനിന്നു തുള്ളികളായി വീഴുന്ന വെള്ളിനൂലുകളാണ് മഴ.

മഴയുടെ വരവിനു വേണ്ടി കാത്തിരിക്കുകയാണ് പ്രകൃതി.

താഴവാരങ്ങളും മനോഹരമാക്കുവാൻ വേണ്ടി വരുകയാണ് മഴ.

മഴ എല്ലാവരുടെയും ദാഹം ശമിപ്പിക്കുന്നു.

ഇടിമുഴക്കം മഴയുടെ വരവിനെ വിളംബരം ചെയ്യുന്നു.

മഴയെന്നു പറയുന്നത് ഒരു ജീവിതത്തിന്റെ അടയാളമാണ്.

കവിത

നിൻ ആദ്യ തൂമഴ തുള്ളീ

വീണു എൻ കൈതടങ്ങളിൽ

മഴയേ . . . എൻ തൂമഴയേ

വാനം തൂവുന്ന പൂങ്കുളിരേ . . .

നിൻ സ്പർശം എൻ മനം കുളിർത്തു

എൻ മനസ്സിൽ ഒരു വസന്തകാലമായ്

നീ പെയ്തിറങ്ങി . . കൂട്ടിനു നിൻ

കുഞ്ഞിളം കുളിർ കാറ്റും

എൻ തളിരിളം മേനിയെ

കോരിചൊരിപ്പിച്ചു നീ

എൻ മനസ്സിൽ ഇടം നേടി നീ

നിൻ മഴയിൽ നൃത്തം ചവിട്ടി

ഒരു വസന്തത്തെ ക്ഷണിക്കുന്നു

മഴത്തുള്ളികൾ പൊഴിഞ്ഞീടും

നാടൻ വഴിയിലൂടെ ഞാൻ

മലർമാസം അറിയാതെ

മലരായിരം എന്നിൽ പൂത്തു നിന്നു

നിൻ സാന്നിധ്യം എന്നെ. . .

ഒരു വസന്തത്തിലേക്കയച്ചു

ഇനിയും എൻ മനം തുടിക്കുന്നു

നിന്നിലായ് പെയ്തിറങ്ങാൻ

നന്ദന ഷാജി

**ദിനാചരണങ്ങൾ**

വായനാ ദിനം

പി .എൻ പണിക്കരുടെ ചരമ ദിനം .

വായനാ ദിനത്തോടനുബന്ധിച്ച് സ്കൂളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി .ലൈബ്രറി ബുക്കുകൾ എല്ലാ ക്ലാസുകളിലേക്കും വിതരണം ചെയ്തു .മോണിങ് സ്റ്റാർ കോളേജിലെ സിസ്റ്റർ പുഷ്പയും മറ്റ് വിദ്യാർഥികളും ചേർന്ന് സ്കൂളിലേക്ക് ലൈബ്രറി ബുക്കുകൾ നൽകി . ക്വിസ് മത്സരം , പോസ്റ്റർ നിർമ്മാണം മുതലായ പ്രവർത്തനങ്ങൾ നടത്തി .

## *നവംബർ-1 കേരളപിറവി ദിനം*

1-11-2019 വെള്ളിയാഴ്ച കേരളപിറവി ദിനത്തോടനുബന്ധിച്ച് ഭരണഘടനയുടെ 70-ാം വാർഷിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

വിദ്യാർത്ഥികൾ എല്ലാവരും പ്ലക്കാർഡ് പ്രദർശിപ്പിച്ചു. ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള അവകാശങ്ങളെ കുറിച്ച് പത്താം ക്ലാസ്സ് വിദ്യാർഥിനി നയന സേവ്യർ വിശദമാക്കി. സാമൂഹ്യ ശാസ്ത്ര അധ്യാപികയായ റാണി ടീച്ചറാണ് പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകിയത് .

## പഴഞ്ചൊല്ലുകൾ

1).അകലത്തെ ബന്ധുവിനെക്കാൾ അരികത്തെ ശത്രുവാണ് നല്ലത്

2).കാലം ആർക്കുവേണ്ടിയും കാത്തു നിൽക്കുന്നില്ല

3).കിട്ടിയതിനെ വിട്ടു പറക്കുന്നതിനെ പിടിക്കുക

4).കടന്നൽക്കൂട്ടിൽ കല്ലെറിയരുത്

5).കുറച്ചു ഭക്ഷിച്ചാൽ കൂടുതൽ ജീവിക്കാം

6).ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

7).മടിയൻ മല ചുമക്കും

8).നനഞ്ഞിടം കുഴിക്കരുത്

9).താൻ പാതി ദൈവം പാതി

10).താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും

# കടങ്കഥകൾ

. അടിക്കാത്ത മുറ്റമേത് ? - ആകാശം

. ഉരുട്ടാം പിരട്ടാം എടുക്കാൻ പറ്റില്ല - കണ്ണ്

. കൊണ്ടുപോകാൻ സാധിക്കില്ല - കിണർ

. അകത്തു രോമം പുറത്തിറച്ചി - മൂക്ക്

. ഇത്തിരി മുറ്റത്ത് അഞ്ചു കാവൽക്കാർ - കൈവിരൽ

. എട്ടെല്ലൻ കുട്ടപ്പനൊറ്റക്കാലൻ - കുട

. ഇരുട്ടുപുരയിൽ കുട്ടിയാന - പത്തായം

. ഒരാളെയേറ്റാൻ നാലാള് - കട്ടിൽ

. കറുത്ത പാറയ്ക്ക് വെളുത്ത വേര് - ആനക്കൊമ്പ്

. കറുത്ത കുഞ്ഞൻ കാര്യസ്ഥൻ – താക്കോൽ

. അടിപാറ, നടുവടി, മീതെകുട - ചേന

. അമ്പാട്ടെ പട്ടിക്ക മുമ്പോട്ട് വാല് - ചിരവ

. ഇല നുള്ളി കുഴിച്ചിട്ടു , കുഴിനിറയെ മുട്ടയിട്ടു - കൂർക്ക.

. ഇരുട്ടു കോരി വെയിലത്തിട്ടു - കൂൺ

. ആയിരം പറ അവലിൽ ഒരു പൂള് കൊട്ടത്തേങ്ങ -നക്ഷത്രങ്ങളും ചന്ദ്രനും

. എല്ലാ മരത്തിലും അണ്ണാൻ കയറും എന്നാൽ ഈ മരത്തിൽ കയറില്ല - പുക

. കട കത്തിച്ചു തല കുത്തിച്ചു - നെല്ല്.

. അകമില്ലാ പുറമില്ലാ ഞെട്ടില്ലാ വട്ടയിലാ - പപ്പടം

. എത്ര കത്തിയാലും അണയാത്ത വിലക്ക് - സൂര്യൻ

. കത്തിച്ചാൽ അണയും അണഞ്ഞാൽ ആളിക്കത്തും - ചൂട്ട്

ലിവ്യാ സജീവ് , ആർച്ച പി എസ്


Archa

## മാരിതൻ തുടിതാളം

കത്തി ജ്വലിക്കും അരുണനെ മറച്ചവൾ
കാർമേഘാവൃതമായ് മാറി വീണ്ടും . . . .
അതിൽ നിന്നും ഒരിറ്റു തുള്ളീ
ആദ്യമായ് വീണെൻ പൂമുഖത്ത്.. . ..
മഴയോടവൻ ചൊല്ലുന്നിതാ

എന്തിനിത്ര മാത്രയിൽ നീ മാത്രം . . . . .
കലി പൂണ്ട മണ്ണിലെൻ മക്കൾ നിൻ
മാറത്തടിച്ച് വിലപിക്കും നേരം
നാളുകൾ നീക്കുന്നു . . . .
എൻ മക്കൾ എന്നെ തളർത്തുന്നു
ഞാനെന്തു ചെയ്യുവോ . . . അരുണാ
ജനനിയെ അമ്മയായ് കാണണം
എന്ന് ചൊന്നതല്ലേ . . . ഞാൻ ചൊന്നതല്ലേ . . .
വിണ്ണിൽ പൊലിഞ്ഞ ഒരോ കണവും
എൻ ജീവനായ് മാറ്റുകിൽ
തളിർത്തിടാം ഞാൻ വിണ്ടും . . .
തളർത്തിടാം . . . . .

– അന്ന ഷാജി .

# UP  AND DOWN

When I am down
And Oh, my soul so, worry
Trouble's come
And my heart
When I am still
And wait hear in the
Until you come

You raise me up
So I can stand on mountains
You raise me up
To walk on stormy seas
I am strong ........

Livya Sajeev

**മഴയുടെ ഉത്സവം**

സ്വർഗത്തിൽ നിന്നും ദൈവത്തിന്റെ കരങ്ങളാൽ
വെള്ളിനൂലുപോലെ
പെയ്തിറങ്ങുന്ന മഴ
മഴ പെയ്യുന്നു പെയ്തിറങ്ങുന്നു
മഴത്തുള്ളികൾ മണ്ണിന്റെ
മാറിടത്തിലേക്കു ഊർന്നിറങ്ങുന്നു
മഴത്തുള്ളികൾ വീഴുമ്പോൾ
ഒരായിരം പനിനീർപ്പൂക്കൾ വിരിയുന്നു
സന്തോഷം പകർന്നു
ആഹ്ലാദിപ്പിച്ചു
ആശ്വാസം പകർന്ന്
മഴ പോകുന്നു പോകുന്നു.
മഴയുടെ ഉത്സവമെല്ലാം
തീർത്തു
നമ്മളോടൊത്ത് ഉത്സവം
ആഘോഷിച്ചു മഴ പോകുന്നു

സോന ജോഷി

ഉപന്യാസം

## മലിനമായിക്കൊണ്ടിരിക്കുന്ന ഈ ഭൂമിയെ നമ്മുടേത് മാത്രമല്ല വരും തലമുറകൾക്ക് കൂടി അവകാശപ്പെട്ടതാണ്.

*മലിനമായസ്ഥലത്ത് മലിനമായ മനുഷ്യനും ഒരുപോലെയാണ്.അവ എപ്പോഴും ഒരു സാധാരണ മനുഷ്യനെ മുറിവാക്കി നോവിച്ചുകൊണ്ടിരിക്കുന്നു. ലോകമാതാവായ പ്രകൃതിയുടെ കുഞ്ഞുങ്ങളാണ് ഈ ലോകത്തിലെ സകലചരാചരങ്ങളും. ഒരു തലമുറയിലെ മനുഷ്യനുമാത്രം അവകാശപ്പെട്ടതല്ല ഭൂമി .അത് വരും തലമുറയ്ക്കുകൂടി വേണ്ടതാണ് എന്ന ബോധം നമ്മിൽ ഓരോരുത്തരിലും വേണം .*

*നാം പ്രകൃതിയെ അമ്മയെപ്പോലെ സ്നേഹിക്കണം . പുഴകളേയും മലകളേയും പാടങ്ങളേയും പൂക്കളേയും പുഴുവിനേയും അങ്ങനെ എല്ലാവരെയും സ്വന്തം സഹോദരങ്ങളായി കാണണം . പ്ലാസ്റ്റിക്കാണ് ഈ ലോകവിനാശകാരി . മണ്ണിന് ദോഷമാകുന്ന അതിൻെറ വളക്കൂറു നശിപ്പിക്കുന്നതൊന്നും മണ്ണിൽ വലിച്ചെറിയരുത് . അത് മണ്ണിൻെറ സമൃഷ്ടതയെ നശിപ്പിക്കും . ആഗോളതാപനത്തിലേക്കാണ് അന്തരീക്ഷത്തെ നശിപ്പിക്കുന്നതിൽ കൊണ്ടുചെന്നെത്തിപ്പിക്കുന്നത് .*

*ഭൂമിയുടെ തണലാണ്, കുടയാണ് ഓസോൺപാളി . ഓസോൺപാളിയുടെ വിള്ളലിന്ന് ആഗോളതാപനം കാരണമാകുന്നു . ഒരു ഉദാഹരണത്തിന് താജ് മഹലിലെ വെള്ള മാർബിളുകളിൽ കറുത്ത പാട് വീഴാൻ കാരണം മലിനമായ അന്തരീക്ഷ വായുവാണ് . ഭൂമിയുടെ അന്ധകൻ മനുഷ്യനാണ് .*

അന്ന ഷാജി

ചെറുകഥ

## മകൾ

ഒരു വെള്ളിയാഴ്ച്ചയായിരുന്നു. മകളുടെ കൂടെയാണ് അമ്മ താമസിക്കുന്നത്. മകളും ഭർത്താവും അമ്മയും അടങ്ങുന്ന കുടുംബം. അമ്മയേക്കാൾ മകൾക്ക് ഏറെ ഇഷ്ടം ആ വീട്ടിലെ നായയോടാണ്. ഒരു ദിവസം അമ്മയെ തനിച്ചാക്കി മകളും ഭർത്താവും ഹോട്ടലിൽ പോയി . നേരം സന്ധ്യയായി . ആ അമ്മ തൻെറ മകളെ കാത്ത് വരാന്തയിൽ ഇരുന്നു. നേരം ഇരുട്ടിയിട്ടും മകളെ കാണാനില്ല. അവസാനം മകൾ വന്നു . ആ അമ്മ ഒത്തിരി പ്രതീക്ഷയോടെയാണ് മകളെ കാത്തിരുന്നത്. പക്ഷേ ആ മകൾ അമ്മക്കായി ഒന്നും കരുതിയിരുന്നില്ല. എന്നിട്ട് കൊണ്ടുവന്ന ആ മീൻ കറി നായയുടെ പാത്രത്തിൽ ഒഴിച്ച കൊടുത്തു . ഇതു കണ്ടു നിന്ന അമ്മ കൊതിയോടെ നോക്കി നിന്നു . എന്നിട്ട് ഇന്നലെ രാത്രി വെച്ച കഞ്ഞി വാരിക്കഴിച്ചു . കണ്ണു നിറഞ്ഞാണ് ആ അമ്മ ഭക്ഷണം കഴിച്ചത് .

ആർച്ച ....

കവിത

## സംഹാരതാണ്ഡവം

സഹസ്രകാലങ്ങൾക്കിടയിലിതാ അനന്തവിഹായസ്സിൽ
ആരോ തൻ കരച്ചിൽ എൻ ചെവിയിൽ മുഴങ്ങുന്നു
ഞെട്ടറ്റുവീണ ഒരംമ്പുബിന്ദു ജനനീ നിന്നിൽ പതിക്കവെ
അറിഞ്ഞുഞാനാ മരണവേദനയുടെ ആഴിത്തിരയെ
ജലാംശമെന്നിൽ നിന്ന പ്രതീക്ഷമായൊരിക്കൽ
തീവ്ര വേദനയെന്നെ വരിഞ്ഞു മുറുകി
എൻ വേദനകാൺകെ സഹിക്കവയ്യാതെ ഈശ്വരൻ
സ്നേഹസമ്മാനമയ് ഭുവിൽ മഴയെ വർഷിച്ചു
വർഷിമെന്നാൽ സങ്കൽപ്പങ്ങളേറെ
ചിലർക്ക് ദുഖം ചിലർക്ക് സന്തോഷം
എന്നാൽ പ്രകൃതി നിനക്ക് ജീവസ്പന്ദനം
നിൻ ജീവ രക്തമൂറ്റികുടിച്ചാനന്ദിച്ചു മനുഷ്യൻ
നീലനിബിഡമായ വാനമിന്നിതാ കരയുന്നു
എന്തിനെന്ന ചോദ്യമുന്നയിച്ച സൂര്യദേവൻ
എൻ ജീവരക്തമനർഘലളമിതാ ഒഴുകുന്നു
ക്ഷയിച്ച ശക്തി ഇനിയും എന്തിന്നെന്ന ചോദ്യം

നയന

**കവിത**

## ***മണ്ണിൻെറ തുള്ളികൾ***



കാർമേഘാമൃതമായ ആകാശത്തുനിന്നും
മഴത്തുള്ളികൾ മണ്ണിൻെറ
മാറിടത്തിലേക്ക് ഊർന്നിറങ്ങി
മഴത്തുള്ളി അമ്മയോടിതാ ചോദിപ്പൂ
നിൻ പാൽ നുകരാൻ ഞാനിതാ വന്നീടുന്നൂ
എൻെറ വിശപ്പത്രയും ഇതാ ഞാൻ
നിന്നക്കു തരുന്നു
മാസങ്ങളിടവിട്ടത്രയും നാൾ
ഞാൻ ഇതാ നിന്നെ കാൺമാൻ എത്തീടുന്നു
എന്തിനോ? നിൻ മാറിൽ മരിച്ചുവീഴാൻ
മരണത്തിൻെറ വാക്കിൽ ഞാനിതാ
നിൻെറ നെഞ്ചോടുചേരവേ
എന്തു സുഖമാണ് അമ്മേ നിൻ ഗന്ധം
എൻ ഓർമയിൽ തങ്ങീടുന്നിതാ
ഒരു കാർക്കിടരാവിൽ നിന്നെ
കാൺമാൻ ഞാൻ എത്തിടുന്നു
നിൻെറ പുഞ്ചിരി ഞാൻ ഓർക്കുന്നു
എൻെറ മരണം ഭൂമിക്കൊരു ചിരിയായ്
ഒരു തുള്ളിയായ് നിൻ മാറിൽ ഞാൻ
വന്നു വീഴുമ്പോൾ......

**മന്ന പാപ്പച്ചൻ . . .**

## നിൻ വരവ്

മഴയേ നിൻ വരവ് പലർക്കും
കണ്ണുനീർ പെയ്യിച്ചു
പലർക്കും സന്തോഷം പെയ്തു
വേനൽ ചൂടുകൊണ്ട് വലയുന്നവർ
നിൻ വരവിനായി കാതോർത്തു
സസ്യങ്ങൾക്കും പക്ഷിമൃഗാദികൾക്കും
സന്തോഷാരവം മുഴങ്ങി
നിൻ പൊൻ മഴത്തുള്ളി
എൻ കവിളിൽ സ്പർശിച്ചു
നിൻ കുളിർ കാറ്റ്
എൻ മേനിയിൽ ചുംബിച്ചു
നിൻ വരവിൽ ഞാൻ ആനന്ദിച്ചു
നിൻ കുളിർ കാറ്റിൽ
ഞാൻ സന്തോഷിച്ചു
മഴയേ..........................

**ഗൗതം**

## കവിത

മഴയേ ....... ന്നുമഴയേ........
ഇന്നുനീ എൻ മുറ്റത്തോമലാളെ
മിന്നൽ തുളുമ്പുന്ന ഓമലാളെ
നീ വന്നെൻ കൈ തുമ്പിൽ വീണതോടെ
നീ എൻ നെഞ്ചിൽ തുളുമ്പി നിന്നു
മഴക്കാലം വരവാലെ
ഞാൻ കാത്തിരുന്നത് നിന്നെയാണേ
ഞാൻ ഓർത്തതെല്ലാം നിന്നെയാണേ
എൻ നെഞ്ചിൽ കാറ്റിലോ
എന്റെ മുറ്റത്തെ പൂവിലോ
നീ ആരേയോ കാത്തിരുന്നു
ഒന്നും പറയാതെ മഴവില്ലിൻ ചാരുതയോടെ
നീ പോയ് മറഞ്ഞില്ലേ

**രചന:അലൻ ലൈജു**

കാക്കയുടെ ബുദ്ധി

ഒരു ദിവസം ഒരു കാക്ക വല്ലാത്ത ദാഹംകൊണ്ട് വെള്ളം അന്വേഷിച്ച് പറന്നു നടക്കുകയായിരുന്നു.അപ്പോൾ ഒരു കിണർ കണ്ടു.അതിനടുത്ത് ഒരു കുടവും ഉണ്ടായിരുന്നു.കാക്ക അതിനടുത്തേക്ക് പറന്നു ചെന്നു.കുടത്തിലേക്ക് എത്തി നോക്കി.കുടത്തിൽ കുറച്ചു വെള്ളം ഉണ്ടായി. എന്നാൽ കാക്കയ്ക്ക് ആ വെള്ളം തന്റെ കൊക്കുപയോഗിച്ച് കുടിക്കാൻ കഴിയുമായിരുന്നില്ല.പെട്ടെന്ന് കാക്കയ്ക്ക് ഒരു ബുദ്ധി തോന്നി.കാക്ക ഓരോ കല്ലുകളായി കൊത്തിയെടുത്ത് കുടത്തിൽ ഇടാൻ തുടങ്ങി.കല്ലുകൾ ഇട്ടതോടെ വെള്ളം ഉയർന്നു വന്നു.കാക്ക ആ വെള്ളം കുടിച്ച് ദാഹം മാറ്റി പറന്നു പോയി.

**രചന:സോന ജോഷി**

“ഒരു പേന  ഒരു പുസ്തകം

ഒരു  കുട്ടി    ഒരു  അധ്യാപിക

ഇവയ്ക്ക്  ഈ ലോകത്തെ

മാറ്റിമറിക്കാൻ കഴിയും”

-മലാല യൂസഫ് സായ്

# Thanks....

# നന്ദി